















# മാക്സി ഡ്രസ്സ്

*ഈ ട്യൂട്ടോറിയലിൽ ഒരു ഗംഭീരം മാക്സി ഡ്രസ്സ് എങ്ങനെ തയ്യാം എന്ന് നമ്മൾ പഠിക്കും*

## മെറ്റീരിയൽ ലിസ്റ്റ്

45" വീതിയുള്ള 4 മീറ്റർ തുണി
www.ushasew.com ൽ നിന്നും ഡൌൺലോഡ് ചെയ്യാവുന്ന മാക്സി ടെംപ്ലേറ്റ്
ചോക്ക്
കത്രിക
മാച്ചിങ് നൂൽ
പിന്നുകൾ
ഉഷ ജനോം ഘത്തെറിങ് ഫൂട്ട്


എങ്ങനെ ഫ്രണ്ട് ബാക്ക് യോക്ക് സ്ലീവ് മുതലായ കഷ്ണങ്ങൾ എങ്ങനെ മുറിക്കാമെന്നും,യോക്ക് എങ്ങനെ ഫ്രണ്ട് പീസുമായ് അറ്റാച്ച് ചെയ്യാമെന്നും നെക്ലൈനിൽ എങ്ങനെ വർക്ക് ചെയ്യാമെന്നും സ്ലീവ്സ് എങ്ങനെ ആഡ് ചെയ്യാമെന്നും അവസാനമായി എങ്ങനെ സൈഡ് സീം തുന്നമെന്നും സ്ലീവ്സും ബോട്ടവും എങ്ങനെ ഹെം ചെയ്യാമെന്നും നമ്മൾ പഠിക്കാൻ പോവുകയാണ്, നിങ്ങൾ തയ്യാറല്ലേ?

## ഘട്ടം 1 :ടെംപ്ലേറ്റ് അടയാളപ്പെടുത്തലും മുറിക്കലും.


നിങ്ങൾക്കു ഇഷ്ടപെട്ട തരത്തിലുള്ള  തുണിയെടുത്തു നീളത്തിൽ പകുതിയായി വീഡിയോയിൽ കാണിച്ചിരിക്കുന്ന പോലെ മടക്കുക.www.ushasew.com ൽ നിന്നും ഡൌൺലോഡ് ചെയ്ത ബാക്ക് ടെംപ്ലേറ്റ് തുണിയുടെ മുകളിൽ കൃത്യമായി വെച്ച് ബീഡഡ് പിന്നുകൾ ഉപയോഗിച്ച് പിൻ  ചെയ്യുക.ഓൺ ഫോൾഡ് എന്ന് മാർക്ക് ചെയ്ത ഭാഗം തുണിയുടെ മടക്കിനു മുകളിലായി വെക്കാൻ ശ്രദ്ധിക്കുക.അടുത്തതായി,നമ്മൾ പിൻ ചെയ്ത് വച്ചിരിക്കുന്ന തുണി ഒരു ചോക്ക് ഉപയോഗിച്ച് അടയാളപ്പെടുത്തുക.പൂർത്തിയായാൽ,ഒരു കത്രിക ഉപയോഗിച്ച് മാർക്ക് ചെയ്ത പാറ്റേർണിലൂടെ  ശ്രദ്ധയോടെ മുറിക്കുക.മാറ്റി വെക്കുക.

ഇനി,ബാക്കിയുള്ള തുണി എടുത്ത് ബാക്കി ഭാഗങ്ങൾ മുറിച്ചെടുക്കാം.തുണിയുടെ  1/4 ഭാഗം മടക്കി യോക് എന്ന് എഴുതിയ ടെംപ്ലേറ്റ് അതിനു മുകളിലായി വീഡിയോയില് കാണിച്ചിരിക്കുന്ന പോലെ വെക്കുക, ശേഷം ടെംപ്ലേറ്റ് പിൻ ചെയ്തു അടയാളപ്പെടുത്തുക.ടെംപ്ലേറ്റ് അൺ പിൻ ചെയ്ത് മുറിക്കാൻ ആരംഭിക്കുക,സ്റ്റെബിലിറ്റിക്കായി മുറിക്കുന്നതിനൊപ്പം നിങ്ങൾക്ക് റീ പിൻ ചെയാവുന്നതാണ്.

ഇനി വീഡിയോയിൽ കാണിച്ചിരിക്കുന്ന പോലെ തുണി മടക്കി വീണ്ടും യോക്  ടെംപ്ലേറ്റ് മുകളിലായി വെക്കുക,മറ്റേ യോക്കിലും ഇതേ പ്രക്രിയ തുടരുക.ഇപ്പോൾ നിങ്ങളുടെ കൈകളിൽ രണ്ട് യോക്സ് ഉണ്ടായിരിക്കണം.































അടുത്തതായി,ബാക്കി ഉള്ള തുണി എടുത്ത് ഫ്രണ്ട് ടെംപ്ലേറ്റ് അതിനു മുകളിലായി വെക്കുക.ഓൺ ഫോൾഡ് എന്നെഴുതിയ ഭാഗം തുണിയുടെ മടക്കിനു മുകളിലാണെന്നു ഉറപ്പുവരുത്തുക.ശേഷം പിൻ ചെയ്തു മാർക്ക് ചെയ്യുക.കുറച്ചധികം ശ്രദ്ധിക്കുക,കാരണം,ടെംപ്ലേറ്റിൽ കാണിച്ചിരിക്കുന്ന പോലെ ഒരു നോച്ച് നിങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്.പൂർത്തിയായാൽ,ഒരു കത്രിക എടുത്ത് മാർക്കിങ്ങിലൂടെ മുറിക്കുക.

അവസാനമായി,നമ്മൾ രണ്ടു സ്ലീവ് പീസുകൾ മുറിക്കണം.പിന്നിങ് ,ട്രെസിങ്,അൺ പിന്നിങ് പ്രക്രിയ ആവർത്തിക്കുക എന്നിട്ടു മുറിക്കാൻ ആരംഭിക്കുക,

## ഘട്ടം 2 പ്രീപെയറിങ് ഫ്രണ്ട് പീസെസ് ബൈ ക്രിയേറ്റിങ് ഗാതേഴ്‌സ് ആൻഡ് അറ്റാച്ചിങ്ങ് ദി യോക്സ് റ്റു  ദി ഫ്രണ്ട് ഫാബ്രിക്

മുൻഭാഗത്തെ മാർക്കിങ്ങ് ഓർമയില്ലേ!ഒരു കത്രിക ഉപയോഗിച്ച് ആ മാർക്കിങ്ങിൽ ഒരു നോച്ച് ഇടുക.അത് ചെയ്യുന്നതിനായി ഉഷ ജനോം വണ്ടർ സ്റ്റിച്ച് സീവിങ്ങ് മെഷീനിൽ നിന്നും എ ഫൂട്ട് ഊരിമാറ്റി ഉഷ ജനോം ഗതേറിങ് ഫൂട്ട് ഇടുക.സ്റ്റിച്ച് ലെങ്ങ്ത് 3.5 ഉം ത്രെഡ് ടെൻഷൻ ഡയൽ 9 ഉം അതായത് മാക്സിമവും ആയി സെറ്റ് ചെയ്ത് തുന്നൽ ആരംഭിക്കുക.അധികമുള്ള നൂലുകൾ.

മുറിച്ചുമാറ്റുക.നിങ്ങളുടെ പൂർത്തിയായ ഗാതേഴ്‌സ് ഇങ്ങനെ ഇരിക്കണം.രണ്ടു യോക്സ് എടുക്കുക.കാണിച്ചിരിക്കുന്ന പോലെ പകുതിയായി മടക്കി സെന്ററിൽ ഒരു നോച്ച് ഇടുക.രണ്ടിലും ഇതുപോലെ ചെയ്യുക.അതുപോലെ തന്നെ ഫ്രണ്ട് പീസും പകുതിയായി മടക്കി സെന്ററിൽ ആയി ഒരു നോച്ച് ഇടണം,ഇത് കഷ്ണങ്ങൾ മാച്ച് ചെയ്യാൻ സഹായിക്കും. കഴിഞ്ഞാൽ, യോക്സ് എടുത്ത് സെന്ററെറിലെ നോച്ച് മാച്ച് ചെയ്യുക എന്നിട്ട് വീഡിയോയിൽ കാണിച്ചിരിക്കുന്നപോലെ ഫ്രണ്ട് പീസിന്റെ മുകളിൽ റൈറ്റ് സൈഡ് റൈറ്റ് സൈഡിനെ ഫേസ് ചെയ്യുന്ന വിധത്തിൽ വെക്കുക.ശേഷം മറ്റേ പീസ് എടുത്ത് ,സെന്റർ നോച്ച് മാച്ച് ചെയ്ത് ഫ്രണ്ട് ഫാബ്രിക്കിന്റെ അടിയിൽ,റൈറ്റ് സൈഡിലെ യോക്ക് തുണിയുടെ റോങ്ങ് സൈഡ് ഫേസ് ചെയ്യുന്ന ഭാഗത്തു വെക്കുക.ഈ മൂന്നു കഷ്ണങ്ങളും വീഡിയോയിൽ കാണിച്ചിരിക്കുന്ന പോലെ കൃത്യമായി  പിൻ ചെയ്യുക.ഒന്നു.


പരിചിതമാകാനായ്,നീണ്ടുനിൽക്കുന്ന യോക്കിന്റെ ഭാഗം ആണ് ഷോൾഡർ പാർട്ട്.പിന്നെ,ഇതാണ് ആം ഹോൾ പാർട്ട്.രണ്ടു ആം ഹോൾസും ഷോൾഡേഴ്‌സും മാച്ച് ചെയ്ത് പിന് ചെയ്യുക.ബാക്കി വരുന്ന എല്ലാ ഭാഗങ്ങൾ കൂടെയും പിൻ ചെയ്യുക.ഇത് കുറച്ചു തന്ത്രപരമാണ്,അതിനാൽ ശ്രദ്ധിച്ചു ചെയ്യുക.അവ പിൻ ചെയ്ത ശേഷം,നിങ്ങളുടെ ഫ്രണ്ട് പീസ് ഇങ്ങനെ ഇരിക്കണം.ഇതിനെയാണ് യോക്ക് എന്ന് പറയുന്നത്.നമ്മുക് മെഷീനിലേക് തിരിച്ചു പോയ് എല്ലാം സ്റ്റിച്ച് ചെയ്തു ഒന്നിപ്പിക്കാം.നമ്മൾ മുന്നേ തന്നെ ഗതേറിങ് ഫൂട്ട് മാറ്റി എ ഫൂട്ട് ഇട്ടിട്ടുണ്ട്.ഇപ്പോൾ  റൗണ്ട് യോക്ക് പ്രെസെർ ഫൂട്ടിന്റെ വശവുമായ്  അലൈൻ ചെയ്ത്  തുന്നൽ ആരംഭിക്കുക.തുന്നുന്നതിനൊപ്പം ബീഡഡ് പിന്നുകൾ ഊരിമാറ്റുക.നിങ്ങളുടെ പൂർത്തിയായ.തുന്നൽ ഇങ്ങനെ ഇരിക്കണം







## ഘട്ടം 3: ഫ്രണ്ട് പീസും ബാക്ക് പീസും യോജിപ്പിക്കൽ.

ഇനി ബാക് പീസ് എടുത്ത് ഫ്രണ്ട് പീസിന്റെ മുകളിൽ വെച്ച് ഷോൾഡറിന്റെ റൈറ്റ് സൈഡ് റൈറ്റ് സൈഡിനെ ഫേസ് ചെയ്യും വിധം വെക്കുക.നമ്മൾ അവ കൃത്യമായി പിൻചെയ്ത് തുന്നി ഒന്നിപ്പിക്കാൻ ആരംഭിക്കാം.തുന്നൽ സെക്യൂർ ആകാനായ് തുന്നലിന്റെ തുടക്കത്തിലും അവസാനത്തിലും റിവേഴ്സ് സ്റ്റിച്ച് ചെയ്യാൻ മറക്കരുത്.ബാക്കി ആയ എല്ലാ നൂലും മുറിച്ചു കളയുക.ഇതേ പ്രക്രിയ ഷോൾഡറിലും തുടരുക.








## ഘട്ടം 4 :നെക്ലൈൻ പൂർത്തിയാക്കൽ.

അടുത്തതായി നമ്മുക്ക് നെക്ലൈനിൽ വർക്ക് ചെയ്യാം.സെയിം തുണിയിൽ നിന്നും 1 ഇഞ്ച് നീളത്തിൽ ഒരു ബയസ് സ്ട്രിപ്പ് മുറിച്ചെടുക്കുക.നിങ്ങൾക് ഇഷ്ടപെട്ട തുണിയിൽ നിന്നും ഒരു ബയസ് സ്ട്രിപ്പ് മുറിക്കുന്നതെങ്ങനെ എന്ന് പഠിക്കാൻ **www.ushasew.com** ൽ നിന്നും ടെൻറ്റ് ഡ്രസ്സ് വീഡിയോ കാണുക.ഞങ്ങൾ സമയം സേവ് ചെയ്യാനായി ഒരെണ്ണം മുൻപ് തന്നെ മുറിച്ചു വച്ചിട്ടുണ്ട്.അത് പകുതിയായി മടക്കി തുണിയുടെ റൈറ്റ് സൈഡിലെ നെക്ലൈനുമായ് മാച്ച് ചെയ്യുക.സ്ട്രിപ്പിന്റെ തുറന്ന ഭാഗം നിങ്ങൾ തുന്നുന്നതിന്റെ മുകളിലായി വരണം.മുഴുവനായി ചുറ്റിലും തുന്നുക,ബാക്കി വരുന്ന തുണി കഷ്ണം മുറിച്ച് കളയുക.നിങ്ങളുടെ ഫൈനൽ സ്റ്റിച്ച് ഇങ്ങനെ ഇരിക്കണം.വൃത്തിയുള്ള ഫിനിഷിങ്ങിനായി ബയസ് സ്ട്രിപ്പിന്റെ തുടക്കത്തിൽ മടക്കി അവസാനിക്കുന്നതിന്റെ മുകളിലായി വെക്കുക. ഒരു നല്ല ഫിനിഷിംഗിനായി ഫേസിങ്ങിന്റെ മുകളിൽ ഒരു എഡ്ജ് സ്റ്റിച്ച് ചെയ്യുക.അത് കഴിഞ്ഞാൽ,കാണിച്ചിരിക്കുന്ന പോലെ നെക്ലൈനിൽ സ്ലാഷെസ് ഉണ്ടാക്കാൻ തുടങ്ങാം.ഇത് വൃത്തത്തെ ഫ്ലാറ്റെൻ ചെയ്യുകയും അത് കഴുത്തിന് ചുറ്റും പ്രോപ്പറായി സെറ്റിൽ ചെയ്തെന്നു ഉറപ്പിക്കുകയും ചെയ്യും.ഈ ഘട്ടത്തിന് ശേഷം,ബയസ് സ്ട്രിപ്പ് വീഡിയോയിൽ കാണിച്ചിരിക്കുന്ന പോലെ ഉള്ളിലേക്കു മടക്കി മടക്കിനു മുകളിലായി തുന്നുക.നെക്ലൈനിന്റെ അവസാനം എത്തും വരെയും തുടരുക,ബാക്കി വന്ന നൂൽ വെട്ടിഒഴിവാക്കുക.ഗുഡ് ജോബ്! നമ്മുടെ നെക്ലൈൻ പൂർത്തിയായിരിക്കുന്നു.ഇനി നമ്മുക്കു സ്ലീവിലേക് നീങ്ങാം.





## ഘട്ടം 5 :സ്ലീവ്സ് അറ്റാച്ച് ചെയ്യൽ.

നിങ്ങളുടെ കൈയിലുള്ള സ്ലീവുകൾ എടുത്ത് പകുതിയായി മടക്കി സെന്ററിലായൊരു നോച്ച് ഇടുക.ഡ്രെസ്സിന്റെ മുൻഭാഗവും പിൻഭാഗവും ഷോൾഡേഴ്സും മാച്ച് ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.ഈ സെന്റർ നോച്ച് കൾ ഷോൾഡർ പീസുകളുമായ് മാച്ച് ചെയ്യുക.അതിനായ്,വീഡിയോയിൽ കാണിച്ചിരിക്കുന്ന പോലെ സ്ലീവ്സ് പിന് ചെയ്യുക.രണ്ട് സ്ലീവ്സും ഇതുപോലെ ചെയ്യുക.പിൻ ചെയുമ്പോൾ സൂക്ഷിച്ചു ചെയ്യുക.നിങ്ങൾ സെറ്റ് അല്ലെ?തുന്നൽ ആരംഭിക്കാം.പിന് ചെയ്ത വശം പ്രെസെർ ഫൂട്ടിൻറെ വശവുമായ് അലൈൻ ചെയ്ത് തുന്നാൻ ആരംഭിക്കുക.തുന്നുന്നതിനൊപ്പം പിന്നുകൾ ഊരിമാറ്റുക.

മറുവശത്തും ഇതേ പ്രക്രിയ തുടരുക.പൂർത്തിയയാൽ,സ്ലീവ്സിന്റെ വശങ്ങളിൽ ഫ്രെയ്ഡ് എഡ്ജുകൾ ഉണ്ടാവാതിരിക്കാൻ സിഗ് സാഗ് ആയി തുന്നുക.സ്റ്റിച്ച് ലെങ്ത് 1.5 ഉം പാറ്റേൺ സെലെക്ടർ ഡയൽ സി യും ആക്കി സെറ്റ് ചെയ്ത് തുന്നൽ ആരംഭിക്കുക.




















ഓർക്കുക,നമ്മൾ സിഗ് സാഗ് സ്റ്റിച്ച് ചെയ്യുമ്പോൾ റിവേഴ്സ് സ്റ്റിച്ച് ചെയ്യണ്ട ആവിശ്യം ഇല്ല.ഇത് ഇരുവശത്തും ചെയ്യണം.ഇത് ഒരു ഇരട്ടിപ്പണിയായ് തോന്നുമെങ്കിലും ഞങ്ങൾ ഉറപ്പുതരുന്നു അത് വർത്ത് ആണ്.ഇതാണ് നമ്മുടെ പൂർത്തിയായ തുന്നലുകൾ.വർത്ത് ഇറ്റ് !

## ഘട്ടം 6:സൈഡ് സീമും ഹെംലൈനും പൂർത്തിയാക്കൽ

അടുത്ത നമ്മുടെ ടു ഡു ലിസ്റ്റ് സൈഡ് സീം ആണ്.വീഡിയോയിൽ കാണിച്ചിരിക്കുന്ന വിധം തുണി പകുതിയായി മടക്കുക.അപ്പോൾ അത് ഡ്രെസ്സിനു സമാനമാണ്.നമ്മൾ ഇരു വശങ്ങളിലുമുള്ള പോയിൻറ്റഡ് ഏരിയ സ്റ്റിച്ച് ചെയ്യാനും ഡ്രെസ്സിന്റെ അടിഭാഗവും ഷോൾഡറുകളും ഹെമ്മിംഗ് ചെയ്യാൻ പോവുകയാണ്. നമ്മുക്കു തുടങ്ങാം.സൈഡ് സീം ഏരിയ യും ഷോൾഡേഴ്സും പ്രെസെർ ഫൂറുമായ അലൈൻ ചെയ്യുക.പക്ഷെ,അതിനു മുൻപ് സ്റ്റിച്ച് ലെങ്ത് 2.5 ഉം പാറ്റേൺ സെലെക്ടർ ഡയൽ എ ആയും സെറ്റ് ചെയ്യണം.തുന്നാൻ ആരംഭിച്ചു താഴെ വരെ തുന്നുക.പതുക്കെയും സ്റ്റെഡി ആയും ചെയ്യാം.ഒരിക്കൽ അറ്റത്തു എത്തുമ്പോൾ റിവേഴ്സ് സ്റ്റിച്ച് ചെയ്ത് സ്റ്റിച്ച് സുരക്ഷിതമാക്കാൻ മറക്കരുത്. ശേഷം മറുവശത്തേക് നീങ്ങി ഇതേ പ്രക്രിയ അവിടെയും

ആവർത്തിക്കുക.പൂർത്തിയയാൽ,അധികം വന്ന നൂലുകൾ മുറിച്ചു കളഞ്ഞു രണ്ട് സൈഡ് സീമിലും സിഗ് സാഗ് സ്റ്റിച്ച് ചെയ്യുക.ഈ വിഡിയോയ്ക്കായ് സമയം ലാഭിക്കാനായ് ഞങ്ങൾ ഈ സ്റ്റെപ് മുന്നേ ചെയ്തിട്ടുണ്ട്.പക്ഷെ നിങ്ങൾ ഇത് വിട്ടു പോകാൻ പാടില്ല, ഡ്രസ്സ് പൂർത്തിയാകുന്നതിൽ ഇത് ഒരു തന്ത്രപ്രധാനമായ സ്റ്റെപ് ആണ്. ഇനി നമ്മുക്കു സ്ലീവ്സ് ഹെം ചെയ്യാം.അതിനായ്,സ്ലീവ്സ് കാൽ ഇഞ്ച് രണ്ടുതവണയായ് മടക്കി അതിനു മുകളിലൂടെ ഒരു സ്ട്രെയ്റ്റ് സ്റ്റിച്ച് ചെയ്യുക.സ്ലീവ്സിന്റെ ചുറ്റിലുമായും ഇത് ചെയ്യുക ആവശ്യാനുസരണം അഡ്ജസ്റ്റ് ചെയ്യുക.ബാക്കി വന്ന നൂലുകൾ മുറിച്ചു കളഞ്ഞു മറുവശത്തും ഇതേ പ്രക്രിയ ആവർത്തിക്കുക.നിങ്ങളുടെ ഫൈനൽ സ്റ്റിച്ചുകൾ ഇങ്ങനെ ഇരിക്കണം. ഓർമ്മപെടുത്തലിനായ്,നമ്മൾ സൈഡ് സീം തുന്നുകയും സ്ലീവ്സും ഡ്രെസ്സിന്റെ അടിഭാഗവും ഹെം ചെയുകയും ചെയ്ത് കഴിഞ്ഞു,അതോടെ നമ്മുടെ സ്റ്റിച്ചിങ് അവസാനിച്ചിരിക്കുന്നു.

ഇത് വളരെ അധികം മനോഹരമായിരിക്കുന്നില്ലേ? ഷോപ്പിങ് ,മൂവി നൈറ്റ് ബ്രഞ്ച്,കൂടാതെ മറ്റെല്ലാ പരിപാടികളിലും ഈ വസ്ത്രം ധരിക്കാം.വളരെ അധികം പരിശ്രമിക്കാതെ തന്നെ ഇത് സൂപ്പർ സ്റ്റൈലിഷ് ആയ കാണുന്നു.ഇതിനെ കുറിച്ചുള്ള അഭിപ്രായം ഞങ്ങളെ അറിയിക്കുക.കമെന്റ് ,അടുത്തതായി നിങ്ങൾ എന്താണ് കാണാൻ ആഗ്രെഹിക്കുന്നതെന്നു ഞങ്ങളെ അറിയിക്കുക.ലൈക് ചെയ്യാനും,കമെന്റ് ചെയ്യാനും ഷെയർ ചെയ്യാനും മറക്കരുത് .